**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

**പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – അപേക്ഷയിൽ പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനുമുള്ള അവസരം**

2019–20 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് മേൽപ്പറഞ്ഞ കോഴ്സുകളിൽ ഏതെങ്കിലും അപേക്ഷയിൽ കൂട്ടിച്ചേർക്കുവാൻ താൽപര്യമുള്ള പക്ഷം അതിനുള്ള സൗകര്യം മാർച്ച് 4 വൈകുന്നേരം 8 മണി മുതൽ മാർച്ച് 7 വൈകിട്ട് 5 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടകം ഓൺലൈൻ അപേക്ഷയുടെ ഫൈനൽ സബ്മിഷൻ നടത്തിയ ശേഷം അപേക്ഷാഫീസിന്റെ പേയ്മെന്റും പൂർത്തിയാക്കിയിട്ടുള്ളവർക്ക് മാത്രമേ പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം ലഭ്യമാകൂ. എം.ബി.ബി.എസ്., ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ്, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ ഏതെങ്കിലും ആവശ്യമുള്ള അപേക്ഷകർ 'Medical and Allied'തെരഞ്ഞെടുക്കേണ്ടതാണ്. അപേക്ഷാഫീസ് ഒടുക്കാൻ സാധിക്കാത്ത അപേക്ഷകർക്ക് പേയ്മെന്റ് നടത്തുന്നതിനും, പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കേണ്ട അപേക്ഷകർക്ക് അതിനുള്ള സൗകര്യവും ലഭ്യമാണ്. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നത് കൂടാതെ, പരീക്ഷാകേന്ദ്രത്തിൽ മാറ്റം ആഗ്രഹിക്കുന്നവർക്ക് പരീക്ഷാ കേന്ദ്രം മാറ്റം വരുത്തുന്നതിനും രജിസ്റ്റർ ചെയ്ത മൊബൈൽ നം, രജിസ്റ്റർ ചെയ്ത ഇ-മെയിൽ അഡ്രസ് എന്നിവയിൽ തിരുത്തൽ വരുത്തുന്നതിനും മേൽ വെബ്സൈറ്റിൽ **2019 മാർച്ച് 7 വ്യാഴാഴ്ച വൈകിട്ട് 5 മണി വരെ** സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനുമുള്ള സൗകര്യം ഒറ്റത്തവണ മാത്രമായിരിക്കും ലഭ്യമാകുക.

പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുമ്പോൾ നേരത്തെ ഒടുക്കിയ അപേക്ഷാഫീസിൽ നിന്നും വ്യത്യാസം വരുന്ന പക്ഷം അധിക ഫീസ് ഓൺലൈനായി മാത്രമെ അടയ്ക്കാൻ അനുവദിക്കുകയുള്ളൂ. മേൽ വെബ്സൈറ്റിലെ '**Candidate Login**' എന്ന ലിങ്കിലൂടെ അപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും നൽകി ഹോംപേജിൽ പ്രവേശിച്ചശേഷം മുകളിൽ പറഞ്ഞ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104, 2332123.

തിരുവനന്തപുരം
04.03.2019

പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി